**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1574** **07-02-2023 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ റീസർവെ പൂർത്തീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ ഏതൊക്കെ വില്ലേജുകളിലാണ് റീസർവെ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ ഷിരിബാഗിലു, മുളിഞ്ച, മൊഗ്രാൽ, ഇച്ചിലംപാടി, പുത്തൂർ, കൊടിബയൽ, മധൂർ, പട് ല, കോയിപ്പാടി, കണ്ണൂരു, കഡ് ലു, മംഗൽപാടി, ഉദുമ, കോട്ടികുളം, പള്ളിക്കര, കീക്കാൻ, ചിത്താരി, അജാനൂർ, ഹോസ്ദുർഗ്, ചെറുവത്തൂർ, തുരുത്തി, മാണിയാട്ട്, പിലിക്കോട്, ഉപ്പള, ബല്ല, പുതുക്കൈ എന്നീ വില്ലേജുകളുടെ റീസർവ്വെ ജോലികൾ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. |
| (ബി) | റീസർവ്വെ നടന്ന വില്ലേജുകളിലും ഉപഗ്രഹ സർവെ നടത്താൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ? | (ബി) | സംസ്ഥാനത്തെ ഭൂസംബന്ധമായ സേവനങ്ങൾ ആധുനിക വിവര വിനിമയ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തികൊണ്ട് ഏറ്റവും സുതാര്യവും സുഗമവുമായ രീതിയിൽ കാലഘട്ടത്തിനനുസൃതമായി ഓൺലൈൻ മുഖേന ജനങ്ങൾക്ക് ലഭ്യമാക്കുക, റവന്യൂ ഭരണം കൂടുതൽ സുഗമമാക്കുക, ഇനിയൊരു റീസർവ്വെ ആവശ്യമില്ലാത്ത വിധം മാപ്പുകൾ നാളതീകരിച്ച് പരിപാലിക്കുക, സർവ്വെ റവന്യൂ രജിസ്ട്രേഷൻ വകുപ്പുകളിലെ ഭൂസംബന്ധമായ സേവനങ്ങൾ ഏകീകൃത സംവിധാനത്തിലൂടെ നൽകുക തുടങ്ങിയ ലക്ഷ്യത്തോടെയാണ് ഏറ്റവും ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് "എന്റെ ഭൂമി" എന്ന പേരിൽ സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വെ ആരംഭിക്കുവാനും, സമയബന്ധിതമായി പൂർത്തീകരിക്കാനും സർക്കാർ തീരുമാനിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതി സാക്ഷാത്കരിക്കുന്നതിന് സംസ്ഥാനത്തെ എല്ലാ വില്ലേജുകളുടെയും ഡിജിറ്റൽ സർവ്വെ റിക്കാർഡുകൾ ആവശ്യമായതിനാൽ സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ ഡിജിറ്റലായി സർവ്വെ പൂർത്തിയായിട്ടുള്ളതും പുരോഗതിയിലുള്ളതുമായ വില്ലേജുകൾ ഒഴികെ 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വെ നാലു വർഷം കൊണ്ട് പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ